പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3671 15.3.2018 -ൽ മറുപടിയ്ക്ക്

## കെ.ടി.ഡി.സി. ആഡംബര ബസുകൾ

| ചോദ്യം<br>ശ്രീ.പി.ഉബൈദുള്ള<br>ശ്രീ.സി.മമ്മൂട്ടി<br>ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്<br>ശ്രീ. കെ.എൻ.എ.ഖാദർ : | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ, സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി | |
|---|---|---|---|
| എ) | ഏതൊക്കെ വിനോദസഞ്ചാര മേഖലകളിലാണ് കെ.ടി.ഡി.സി. ആഡംബര ബസുകൾ സർവ്വീസ് നടത്തുന്നത്; | എ) | കേരള വിനോദസഞ്ചാര വികസന കോർപ്പറേഷന്റെ ബസ് ടൂർ പദ്ധതി ആദ്യഘട്ടത്തിൽ തിരുവനന്തപുരത്തും കൊച്ചിയിലുമാണ് സർവ്വീസ് നടത്തുന്നത്. 24 സീറ്റുകളുള്ള മൂന്ന് ആഡംബര ബസ്സുകളിൽ 2 എണ്ണം തിരുവനന്തപുരത്തും ഒന്ന് കൊച്ചിയിലുമാണ് ടൂറുകൾ നടത്തുന്നത്.<br>തിരുവനന്തപുരത്തുനിന്നും കന്യാകുമാരിയിലേയ്ക്കും, ടെക്നോപാർക്കിൽ നിന്നും പൊന്മുടിയിലേയ്ക്കും, തിരുവനന്തപുരം-കോട്ടൂർ, നെയ്യാർ, കോവളം എന്നീ സ്ഥലങ്ങളിലേയ്ക്കുമാണ് തിരുവനന്തപുരത്തെ ബസ് ടൂർ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കൊച്ചിയിൽ നിന്നും തൃപ്പൂണിത്തുറ മ്യൂസിയം, മട്ടാഞ്ചേരി, ഫോർട്ട് കൊച്ചി, ചെറായി ബീച്ച് എന്നിവിടങ്ങൾ ഉൾപ്പെടുത്തിയ ടൂറുമാണുള്ളത്. |
| ബി) | കേരളത്തിലെ പ്രധാനപ്പെട്ട എല്ലാ വിനോദസഞ്ചാര മേഖലകളെയും ബന്ധിപ്പിച്ചുകൊണ്ട് പ്രസ്തുത സർവ്വീസുകൾ നടത്താൻ നടപടി സ്വീകരിക്കുമോ? | ബി) | ഇക്കാര്യം നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ